LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനതലത്തിൽ പ്രസിദ്ധീകരിക്കുന്ന കോവിഡ് ബുള്ളറ്റിനിൽ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. മുമ്പ് മരണപ്പെട്ടവരുടെ സ്വകാര്യത മുൻനിർത്തി പേരുവിവരം ഒഴിച്ച് ജില്ല, വയസ്സ്, മരണപ്പെട്ട ദിവസം എന്നിവ മാത്രമാണ് ബുള്ളറ്റിനിൽ ഉൾപ്പെടുത്തിയിരുന്നത്.

(സി) മരണപ്പെട്ടവരുടെ പേരുവിവരങ്ങൾ ഉൾപ്പെടുത്താതെ അവ്യക്തമായ പട്ടിക പ്രസിദ്ധീകരിച്ചതിലൂടെ ധാരാളം പേർക്ക് കോവിഡ് മരണങ്ങളുടെ ഭാഗമായി കിട്ടേണ്ട നഷ്ടപരിഹാരം നഷ്ടപ്പെടുന്നതിന് കാരണമായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യത്തിൽ മരണപ്പെട്ടവരുടെ പേര് ഉൾപ്പെടുത്തി പട്ടിക പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

കോവിഡ് ബാധിച്ച് മരണപ്പെട്ട വ്യക്തികൾക്ക് നഷ്ടപരിഹാരം നൽകുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിൽനിന്നും നിർദ്ദേശം ഇതുവരെ ആരോഗ്യ വകുപ്പിന് ലഭിച്ചിട്ടില്ല. നിർദ്ദേശം ലഭിക്കുന്നമുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്. 2021 ജൂൺ 15 വരെ കോവിഡ് മരണം സ്ഥിരീകരിച്ചവരുടെ വിവരം ജില്ലാ മെഡിക്കൽ ഓഫീസുകളിൽ ലഭ്യമാണ്. അതിനുശേഷമുള്ളവരുടെ വിവരങ്ങൾ സംസ്ഥാനതലത്തിൽ പ്രസിദ്ധീകരിക്കുന്ന കോവിഡ് ബുള്ളറ്റിനിലുണ്ട്.

(ഡി) കോവിഡ് മരണങ്ങളുടെ കാര്യത്തിൽ കൃത്യമായ കണക്ക് ഏതെങ്കിലും സർക്കാർ ഏജൻസിയുടെ കൈവശമുണ്ടോ; കൃത്യമായ കണക്ക് ഇനി എപ്രകാരം കണ്ടെത്താൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

കോവിഡ്മൂലം മരണപ്പെടുന്ന രോഗികളുടെ പേരും മറ്റ് വിശദാംശങ്ങളും 2021 ജൂൺ 16 മുതൽ ആരോഗ്യ വകുപ്പ് വെബ്സൈറ്റിലെ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതിനുമുൻപ് മരണപ്പെട്ടവരുടെ പേര് ഒഴികെയുള്ള വിശദാംശങ്ങളും ആരോഗ്യ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു.

കോവിഡ് മരണങ്ങളുടെ കണക്ക്

247 (1613) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലകളിൽനിന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതും എന്നാൽ സംസ്ഥാനതലത്തിൽ ഒഴിവാക്കപ്പെട്ടതുമായ കോവിഡ് മരണങ്ങളുടെ കണക്ക് ലഭ്യമാണോ; എങ്കിൽ ഇപ്രകാരമുള്ള എത്ര മരണങ്ങൾ നടന്നിട്ടുണ്ട് എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ;

&

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജില്ലകളിൽനിന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ള കോവിഡ് മരണങ്ങൾ സംസ്ഥാന തലത്തിൽ ഒഴിവാക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വിശദമാക്കുമോ?

ഗവൺമെന്റ് പോർട്ടലിൽ കോവിഡ് പോസിറ്റീവ് റിപ്പോർട്ട് ചെയ്തിട്ടുള്ളതും കൃത്യമായ മെഡിക്കൽ ബുള്ളറ്റിൻ ജില്ലയിൽനിന്ന് അയച്ചുതന്നിട്ടുള്ളതുമായ എല്ലാ കോവിഡ് മരണങ്ങളും സംസ്ഥാനതലത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. മരണകാരണം കോവിഡ് കാരണമോ, അല്ലയോ എന്നുള്ളത് ചികിത്സിച്ചിരുന്ന ഡോക്ടർതന്നെയാണ് സ്ഥിരീകരിക്കുന്നത്. ആയത് മെഡിക്കൽ ബുള്ളറ്റിനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ ക്രോഡീകരിക്കുക മാത്രമാണ് ചെയ്യുന്നത്. " Brought dead" ആയിട്ടുള്ള കേസ്സുകൾക്ക് RTPCR പരിശോധനാഫലം നിർബന്ധമാക്കിയിട്ടുണ്ടായിരുന്നു. വ്യക്തത ഇല്ലാത്തതോ, അല്ലെങ്കിൽ അപൂർണ്ണമായതോ ആയ മെഡിക്കൽ ബുള്ളറ്റിനുകൾ ജില്ലയിൽനിന്നും അയച്ചിട്ടുള്ളത്, ആയവ പരിഹരിച്ചതിനുശേഷമാണ് റിപ്പോർട്ട് ചെയ്തിരുന്നത്. മേൽപ്പറഞ്ഞ മൂന്ന് മാനദണ്ഡങ്ങൾ പ്രകാരം ജില്ലകളിൽനിന്നും അയച്ചുതന്നിരുന്ന എല്ലാ മരണങ്ങളും സംസ്ഥാന തലത്തിൽ ക്രോഡീകരിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2021 ജൂൺ 16 വരെ 11655 കോവിഡ് മരണങ്ങളും 433 നോൺ കോവിഡ് (കോവിഡ് ടെസ്റ്റ് പോസിറ്റീവ്, എന്നാൽ മരണം സംഭവിച്ചത് മറ്റു കാരണങ്ങളാൽ, ഉദാ:- അപകട മരണം, മുങ്ങി മരണം, തൂങ്ങി മരണം എന്നിവ) മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മെഡിക്കൽ ബുള്ളറ്റിനിൽ ഡോക്ടർ രേഖപ്പെടുത്തിയിട്ടുള്ള മരണകാരണത്തെ അടിസ്ഥാനമാക്കിയാണ്; കോവിഡ്, നോൺ കോവിഡ് എന്നിങ്ങനെ റിപ്പോർട്ട് ചെയ്യുന്നത്. 2020-21 ജൂൺ 16-ാം തീയതി മുതൽ അതത് ജില്ലയുടെ കോവിഡ് മരണക്കണക്ക് ജില്ലകൾ നേരിട്ട് റിപ്പോർട്ട് ചെയ്യുന്നതിനായി സജ്ജമാക്കിയ ഗവണ്മെന്റ് പോർട്ടലിൽ ഉൾപ്പെടുത്തി റിപ്പോർട്ട് ചെയ്യുകയും സംസ്ഥാനതലത്തിൽ ക്രോഡീകരിക്കുകയും ചെയ്യുന്നു.

(സി) ഇപ്രകാരം ഒഴിവാക്കപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് സുപ്രീംകോടതി വിധിപ്രകാരം ലഭിക്കേണ്ട നഷ്ടപരിഹാരം കിട്ടാൻ സാധ്യതയില്ല എന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇത് പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

കോവിഡ്മൂലം മരണമടഞ്ഞവരുടെ ആശ്രിതർക്ക് ധനസഹായം നൽകുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്നും യാതൊരുവിധ നിർദ്ദേശങ്ങളും നിലവിൽ ലഭ്യമായിട്ടില്ല. മാത്രമല്ല ഇതുവരെ ഡിക്ലയർ ചെയ്യപ്പെട്ടിട്ടുള്ള കോവിഡ് മരണങ്ങളുടെ സർട്ടിഫിക്കറ്റ് ജില്ലാ മെഡിക്കൽ ഓഫീസുകളിൽനിന്നും മരണപ്പെട്ടവരുടെ ആശ്രിതർക്ക് നൽകുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.